പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1037. — 01.03.2017 ന് മറുപടിയ്ക്ക്.

## റാന്നിയിൽ സർക്കാർ ഐ റ്റി ഐ പ്രവർത്തനം

*ചോദ്യം* — *ഉത്തരം*

ശ്രീ.രാജു എബ്രഹാം :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) റാന്നിയിൽ എന്നുമുതലാണ് സർക്കാർ ഐ. റ്റി. ഐ. പ്രവർത്തനം ആരംഭിച്ചത് ; നിലവിൽ എവിടെയാണ് പ്രസ്തുത ഐ. റ്റി. ഐ. പ്രവർത്തിക്കുന്നത്;

(എ) 2011 ആഗസ്റ്റ് മാസം മുതൽ ഗവ. ഐ.ടി.ഐ. റാന്നി പ്രവർത്തനമാരംഭിച്ചു. റാന്നി പഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ള ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിന്റെ മുകളിലത്തെ നിലയിലാണ് ടി ഐ.ടി.ഐ. നിലവിൽ പ്രവർത്തിച്ചുവരുന്നത്.

(ബി) ഏതൊക്കെ കോഴ്സുകളാണ് ഇവിടെ അനുവദിച്ചിട്ടുള്ളതെന്നും ഓരോ കോഴ്സിനും എത്ര സീറ്റുകൾ വീതമാണ് ഉള്ളതെന്നും വിശദമാക്കുമോ ;

(ബി) റാന്നി ഐ.ടി.ഐ.യിൽ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) ഇലക്ട്രോണിക് മെക്കാനിക് എന്നീ ട്രേഡുകളിൽ രണ്ട് യൂണിറ്റുകൾ വീതമാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ ഓരോ യൂണിറ്റിലും 21 സീറ്റുകൾ വീതമാണുള്ളത്.

(സി) ഐ. റ്റി. ഐ. ക്കായി റാന്നി ഉതിമൂട്ടിൽ നൽകിയിരിക്കുന്ന പി ഐ പി (പമ്പ ഇറിഗേഷൻ പ്രൊജക്റ്റ്) വക സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) കെട്ടിടം നിർമ്മിക്കുന്നതിൽ എന്തെങ്കിലും തടസ്സം ഉണ്ടോ ; ഉണ്ടെങ്കിൽ അത് എന്തൊക്കെയെന്ന് വിശദമാക്കുമോ?

**(സി) & (ഡി)** റാന്നി വില്ലേജിൽ ബ്ലോക്ക് നമ്പർ 6-ൽ സർവ്വെ നമ്പർ. 534-ൽപ്പെട്ട ജലവിഭവ വകുപ്പിന്റെ കൈവശത്തിലുള്ള (പമ്പ ഇറിഗേഷൻ പ്രോജക്റ്റ് ലാന്റ്) 74.90 ആർ സ്ഥലം റാന്നി ഗവ. ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് നൽകിയിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ ഫണ്ട് വകയിരുത്തിയിട്ടില്ല എന്നത് കെട്ടിട നിർമ്മാണത്തിന് തടസ്സമായി.

Bindu

സെക്ഷൻ ഓഫീസർ